## പതിനാലാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

31/01/2018-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1641

### ലൈഫ് മിഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് മിഷൻ പദ്ധതി പ്രകാരം വീടിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്എന്ന് വ്യക്തമാക്കുമോ; ഇതിൽ അർഹരായി തെരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കാമോ; | (എ) | ലൈഫ് പദ്ധതിയുടെ ആനുകൂല്യത്തിനായി ഗുണഭോക്താക്കളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിരുന്നില്ല. എന്നാൽ ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സംസ്ഥാനത്ത് ഒട്ടാകെ സർവ്വേ നടത്തിയിരുന്നു. സർവ്വേയിൽ ആകെ 515620 പേരെ അർഹരായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 340745 പേർക്ക് വസ്തുവും വീടും ഇല്ലാത്തതും 174875 പേർക്ക് വസ്തു ഉണ്ടെങ്കിലും വീട് ഇല്ലാത്തവരുമാണ്. ഇവരുടെ ജില്ല തിരിച്ചുള്ള വിവരം (അനുബന്ധം I ആയി) ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | സ്വന്തമായി വസ്തു ഉണ്ടായിട്ടും വീട് ഇല്ലാത്തവരേയും വീട് പണി പൂർത്തിയാക്കാൻ കഴിയാത്ത വരേയും പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ബി) | വസ്തു ഉണ്ടായിട്ടും വീട് ഇല്ലാത്തവരെ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വീട് പണി പൂർത്തിയാക്കാൻ കഴിയാത്തവരെ വിവിധ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ പ്രത്യേകമായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ; | (സി) | ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗം, തോട്ടം തൊഴിലാളികൾ, മത്സ്യ തൊഴിലാളികൾ, ഉൾപ്പെടെ എല്ലാ വിഭാഗം ഭവനരഹിതരെയും പരിഗണിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | നിരവധി പഞ്ചായത്തുകളിൽ അനർഹർ പട്ടികയിൽ കടന്നു കൂടുകയും അർഹർക്ക് പട്ടികയിൽ ഇടം കിട്ടാതാവുകയും ചെയ്തതായ | (ഡി) | അനർഹർ വ്യാപകമായി ഉൾപ്പെട്ടത് ശ്രദ്ധയിൽപെട്ടിട്ടില്ല. അഥവാ ഉൾപ്പെട്ടിട്ടു ണ്ടെങ്കിൽ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിനായി തദ്ദേശ സ്ഥാപന അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ തദ്ദേശ സ്ഥാപന തലത്തിൽ അപ്പീൽ & സ്ക്രൂട്ടിനി കമ്മിറ്റി രൂപീകരിച്ചിരുന്നു. തുടർന്ന് നടന്ന |

| | | | |
|---|---|---|---|
| | പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | | തദ്ദേശസ്ഥാപന തലത്തിലെ ആദ്യഘട്ട അപ്പീലിലും രണ്ടാം ഘട്ടത്തിലെ ജില്ലാതല അപ്പീലിലും അനർഹരെ ഒഴിവാക്കുന്നതിനുള്ള അവസരം നൽകിയിരുന്നു. |
| (ഇ) | ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നവർക്ക് എന്നുമുതൽ ധനസഹായം നൽകാൻ സാധിക്കും; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) | പണി പൂർത്തീകരിക്കാത്ത ഭവനമുള്ള ഗുണഭോക്താക്കൾക്ക് 2017, നവംബർ 1 മുതൽ ആനുകൂല്യം നൽകി വരുന്നു. ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് 2018 ഏപ്രിൽ ഒന്ന് മുതൽ ആനുകൂല്യം നൽകാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം - 1**

1. ഭവനരഹിതരായ കുടുംബം
2. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിച്ചു.
3. സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കി.
4. വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കി.
5. ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കി. (പട്ടികവർഗ്ഗത്തിന് ബാധകമല്ല)
6. ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കി.
7. അവകാശികൾക്ക് വസ്തു ഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തംപേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരവായവരെ ഒഴിവാക്കി.

സെക്ഷൻ ഓഫീസർ

അനുബന്ധം - II

## നാളിതുവരെ ഗുണഭോക്താക്കൾ ആയി തെരഞ്ഞെടുത്തിട്ടുള്ളവരുടെ ജില്ലാ അടിസ്ഥാനത്തിൽ ഉള്ള എണ്ണം

| SLNo | DISTRICT NAME | LANDLESS HOMELESS | HOMELESS HAVING LAND | TOTAL |
|---|---|---|---|---|
| 1 | Thiruvananthapuram | 56158 | 28449 | 84607 |
| 2 | Kollam | 40023 | 14989 | 55012 |
| 3 | Palakkad | 32547 | 21602 | 54149 |
| 4 | Ernakulam | 37698 | 10549 | 48247 |
| 5 | Thrissur | 35581 | 11225 | 46806 |
| 6 | Malappuram | 25435 | 14646 | 40081 |
| 7 | Idukki | 21543 | 17153 | 38696 |
| 8 | Alappuzha | 19383 | 14459 | 33842 |
| 9 | Kozhikkode | 17497 | 10210 | 27707 |
| 10 | Kottayam | 16761 | 7247 | 24008 |
| 11 | Kasargod | 12127 | 8188 | 20315 |
| 12 | Wayanad | 7656 | 7157 | 14813 |
| 13 | Kannur | 8570 | 4774 | 13344 |
| 14 | Pathanamthitta | 7620 | 4179 | 11799 |
| **TOTAL** | | **338599** | **174827** | **513426** |

സെക്ഷൻ ഓഫീസർ